**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 749** | **17-09-2025 - ൽ മറുപടിയ്ക്ക്**

**പൊട്ടിവീണ വൈദ്യുതി ലൈനിൽ നിന്ന് അപകടം സംഭവിച്ചവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | 2021 മുതൽ നാളിതുവരേക്കും പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്ന് ഷോക്കേറ്റ് മരിച്ചവർ, പരിക്കേറ്റവർ എന്നിവരുടെ എണ്ണം വർഷം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ; | (എ) | 2021 മുതൽ നാളിതുവരേക്കും പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്ന് ഷോക്കേറ്റ് മരിച്ചവർ, പരിക്കേറ്റവർ എന്നിവരുടെ എണ്ണം ഉള്ളടക്കം ചെയ്യുന്നു<br>Fatal Non fatal<br>2021-22 - 14 14<br>2022-23 - 14 5<br>2023-24 - 8 9<br>2024-25 - 12 8 |
| (ബി) | പ്രസ്തുത കാലയളവിൽ പൊട്ടിവീണ വൈദ്യുത കമ്പിയിൽ നിന്ന് ഷോക്കേറ്റ് മരിച്ചവർക്കും പരിക്കേറ്റവർക്കും കെ.എസ്.ഇ.ബി യും സർക്കാരും നൽകിയിട്ടുള്ള സഹായം എന്തെല്ലാമായിരുന്നു എന്ന് വ്യക്തികൾ തിരിച്ച് അറിയിക്കാമോ; | (ബി) | വിവരം ശേഖരിച്ച് വരുന്നു. |
| (സി) | വൈദ്യുതി കമ്പി പൊട്ടി വീണത് കെ.എസ്.ഇ.ബിയെ അറിയിച്ചിട്ടും കൃത്യസമയത്ത് ശരിയാക്കാത്തത് കൊണ്ട് 2021 മുതൽ നാളിതുവരേക്കും ഉണ്ടായിട്ടുള്ള ഷോക്കേറ്റുള്ള മരണവും അപകടങ്ങളും സംബന്ധിച്ച വിവരം അറിയിക്കാമോ; | (സി) | ആലപ്പുഴ ജില്ലയിൽ എടത്വ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ കാഞ്ഞിരംതുരുത്ത് നടുവിലെ പോച്ചവടക്ക് എന്ന പാടശേഖരത്തിന്റെ പുറം ബണ്ടിൽ വച്ച് പൊട്ടി നിലത്ത് വീണ കിടന്ന എൽ.ടി ലൈൻ കമ്പിയിൽ ചവിട്ടി എടത്വ, കോയിൽമുക്ക്, കാഞ്ചിക്കൽ വീട്ടിൽ ബെന്നി ജോസഫ് എന്നയാൾക്ക് 24 /10 /2024 ന് രാവിലെ മാരകമായ അപകടം സംഭവിച്ചു. ലൈൻ പൊട്ടി വീണതറി യിച്ചിട്ടും ആയത് മാറ്റാതിരുന്നത് കെ.എസ്.ഇ.ബി.എൽ ന്റെ ഭാഗത്ത് നിന്നുള്ള അനാസ്ഥയാണ്. |
| (ഡി) | വൈദ്യുതി കമ്പി പൊട്ടി വീണത് കൊണ്ട് ഷോക്കേറ്റുണ്ടായ അപകടങ്ങളും മരണങ്ങളും ഉണ്ടായിട്ടുള്ള സംഭവങ്ങളിൽ 2021 മുതൽ നാളിതുവരേക്കും കെ.എസ്.ഇ.ബിയും സർക്കാരും സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | വൈദ്യുതികമ്പി പൊട്ടിവീണതു കൊണ്ടു ഷോക്കേറ്റുണ്ടായ അപകടങ്ങളും മരണങ്ങളും ഉണ്ടായിട്ടുള്ള സംഭവങ്ങളിൽ 2021 മുതൽ നാളിതുവരെ കെ.എസ്.ഇ.ബി.എൽ-ന്റെ വിതരണ വിഭാഗത്തിൽ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടികൾ **അനുബന്ധം (1) ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം (1)**

| ഇലക്ട്രിക്കൽ സർക്കിൾ | എടുത്ത നടപടി |
|---|---|
| കാട്ടാക്കട | വൈദ്യുതികമ്പി പൊട്ടിവീണ ഷോക്കേറ്റുണ്ടായ അപകടത്തിൽ 2024 ജൂൺ 28 ന നെയ്യാറ്റിൻകര ഇലക്ട്രിക്കൽ ഡിവിഷനു കീഴിലെ മാരായമുട്ടം ഇലക്ട്രിക്കൽ സെക്ഷനിൽ ഓവർസിയർമാരായ ഷാജി എസ്, സനൽകുമാർ.എം എന്നീ രണ്ടു ജീവനക്കാർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| കൊല്ലം | കരുനാഗപ്പള്ളി ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിൽ വൈദ്യുതി കമ്പി പൊട്ടി വീണ ഷോക്കേറ്റ് ഒരാൾ മരണമടഞ്ഞിട്ടുണ്ട് (അബ്ദുൽ സലാം 17/07/2024). അപകടത്തിന് കാരണമായി കണ്ടെത്തിയിട്ടുള്ള മൂന്നുപേർക്കെതിരെ (സുഭാഷ് .ടി (1056420) ഓവർസിയർ, ഇലക്ട്രിക്കൽ സെക്ഷൻ, പട്ടാഴി, സജി.എസ്, ലൈൻമാൻ II, ഇലക്ട്രിക്കൽ സെക്ഷൻ, കരുനാഗപ്പള്ളി നോർത്ത്, അരുൺകുമാർ പി ടി ലൈൻമാൻ II, ഇലക്ട്രിക്കൽ സെക്ഷൻ, കരുനാഗപ്പള്ളി നോർത്ത്) വകുപ്പ് തല അച്ചടക്കനടപടിയുടെ ഭാഗമായി കുറ്റപത്രം നൽകുകയും അവർക്കെതിരെ വകുപ്പുതല അന്വേഷണം നടന്നു വരികയുമാണ് . |
| കൊട്ടാരക്കര | 1) 30/10/2021 - ൽ വെളിയം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ഉണ്ടായ വൈദ്യുതി അപകടത്തിൽ അന്വേഷണം നടത്തി കുറ്റക്കാർ ആണെന്ന് കണ്ടെത്തിയ 7 ജീവനക്കാരുടെ മൂന്നു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ തടഞ്ഞിട്ടുണ്ട്. കൂടാതെ മറ്റ് നിയമ നടപടികൾ തുടർന്ന് വരുകയാണ്.<br>2)01/06/2025 -ൽ പെരുമ്പുഴ സെക്ഷൻ പരിധിയിലുണ്ടായ അപകടത്തിൽ അന്വേഷണം നടന്നു കൊണ്ടിരിക്കുകയാണ്. |
| ആലപ്പുഴ | ആലപ്പുഴ സർക്കിളിനു കീഴിൽ 24.10.2024-ൽ എടത്വ സെക്ഷൻ ഓഫീസിൽ കമ്പി പൊട്ടി വീണ ജോസഫ് എന്ന വ്യക്തി ഷോക്കേറ്റു മരണപ്പെടുകയും ഈ സെക്ഷനിലെ സബ് എഞ്ചിനീയർ അജീഷിനെ അന്വേഷണ വിധേയമായി സസ്പെൻഡു ചെയ്യുകയും ചെയ്തു. അന്വേഷണ നടപടികൾ പുരോഗമിക്കുന്നു. |